# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 6



# ജീവൻ ദൈവദാനം


# ജീവൻ ദൈവദാനം

1. ജീവൻ ദൈവദാനം
2. അഞ്ചാം പ്രമാണം പുതിയ നിയമത്തിൽ
3. മനുഷ്യജീവനെതിരായ തിന്മകൾ

ജീവൻ ദൈവദാനം

# ജീവൻ ദൈവദാനം


- ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് മനുഷ്യജീവന്റെ മഹത്വത്തിന് നിദാനം. ജീവൻ സംരക്ഷിക്കുക എന്നത് മനുഷ്യന്റെ പ്രധാന കടമയാണ്. ദൈവപ്രമാണത്തിൽ അഞ്ചാമത്തേത് കൊല്ലരുത് എന്നാണ്. ആരുടെയും ജീവൻ നശിപ്പിക്കാൻ മനുഷ്യന് അധികാരമില്ല എന്ന് ഈ പ്രമാണം നമ്മെ പഠിപ്പിക്കുന്നു.



ജീവന്റെ മൈവേദാനം

# അഞ്ചാം പ്രമാണം പുതിയ നിയമത്തിൽ

- കൊല്ലുക മാത്രമല്ല, സഹോദരനോടു കോപിക്കുന്നതും അപമര്യാദയായി പെരുമാറുന്നതും ഈ പ്രമാണത്തിന്റെ ലംഘനമാണെന്ന് ഈശോപഠിപ്പിച്ചു. മറ്റുള്ളവരെ ഏതെങ്കിലും വിധത്തിൽ ദ്രോഹിക്കാനുള്ള ചിന്തയും, ആഗ്രഹം പോലും പാപമാണ്.
- രണ്ടുവിധത്തിലാണ് ജീവന് എതിരെയുള്ള ഭീഷണികൾ നിലനില്ക്കുന്നത്: ഒന്ന്, സ്വന്തം ജീവന് അപകടം വരുത്തുന്നത്. രണ്ട്, മറ്റുള്ളവരുടെ ജീവന് നാശം വരുത്തുന്നത്.



# മനുഷ്യജീവനെതിരായ തിന്മകൾ

- **കൊലപാതകം**

- വിദ്വേഷത്തോടെയോ ദുരുദ്ദേശ്യത്തോടെയോ ബോധപൂർവ്വം നടത്തുന്ന മനുഷ്യവധമാണ് കൊലപാതകം. ജീവന്റെ അധികാരിയും ദാതാവുമായി ദൈവത്തിന്റെ അധികാരത്തെ നിഷേധിക്കലാണ് കൊലപാതകം.



## ❖ ആത്മഹത്യ

- സ്വന്തം ജീവനെ ബോധപൂർവ്വം നശിപ്പിക്കുന്നതാണ് ആത്മഹത്യ ഇതിലൂടെ ജീവന്റെ മേൽ ദൈവത്തിനുള്ള പരമാധികാരം ചോദ്യം ചെയ്യപ്പെടുന്നു.




ജീവൻ ദൈവദാനം

## ❖ ദയാവധം

- ലക്ഷ്യങ്ങളും മാർഗങ്ങളും എന്തായാലും വൈകല്യമുള്ളവരുടെയും രോഗികളുടെയും മരണാസന്നരുടെയും ജീവിതം അവസാനിപ്പിക്കുന്നതാണ് പ്രത്യക്ഷമായ ദയാവധം കാരുണ്യവധം എന്നും ഇത് അറിയപ്പെടുന്നു.




ജീവൻ ദൈവദാനം

- ഭ്രൂണഹത്യ

• ഗർഭത്തിൽ വളരുന്ന ശിശുവിനെ അഥവാ ഭ്രൂണത്തെ കൊല്ലുന്ന പ്രവൃത്തിയാണ് ഭ്രൂണഹത്യ. മനുഷ്യജീവന് എതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമാണ് ഇത്.



## ❖ ലഹരിവസ്തുക്കളുടെ ഉപയോഗം



- മദ്യം, മയക്കുമരുന്ന്, പാൻപരാഗ് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗം ജീവന് ഭീഷണിയാണ്. ഇവ ജീവനെ പരോക്ഷമായും അല്പാല്പമായും നശിപ്പിക്കുന്നു.

ജീവൻ ദൈവദാനം

ജീവൻ ദൈവദാനം

## ❖ ഭീകരപ്രവർത്തനങ്ങൾ

- പ്രത്യേക വിശ്വാസങ്ങളുടെയോ തത്വങ്ങളുടെയോ പേരിൽ നടത്തപ്പെടുന്ന ഇത്തരം അക്രമ പ്രവൃത്തികളിലൂടെ ജീവനാശം വരുത്തുന്നത് അഞ്ചാം പ്രമാണത്തിന്റെ ലംഘനമാണ്.



## ❖ ജീവന്റെ സംരക്ഷണം

- സ്വജീവസംരക്ഷണപരമായ ചില കടമകളെ ഈ പ്രമാണം മുന്നോട്ടു വയ്ക്കുന്നു.



ജീവൻ ദൈവദാനം

## ❖ ആരോഗ്യ സംരക്ഷണം

- ആത്മാവും ശരീരവും ഉള്ളവനാണ് മനുഷ്യൻ. ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യസംരക്ഷണം മനുഷ്യന്റെ കടമയാണ്. ഭക്ഷ്യോൽപനങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ വിഷവസ്തുക്കൾ ഉപയോഗിക്കുന്നതും ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും തെററാണ്.




- **സമാധാന സംരക്ഷണം**

- സമാധാനം നിലനിർത്തുന്നതിനുള്ള പരിശ്രമങ്ങൾ ജീവനെ ആദരിക്കുന്നതിന്റെ ഭാഗമാണ്.



## ❖ പ്രകൃതി സംരക്ഷണം


- ദൈവം പ്രകൃതിയെ നൽകിയിരിക്കുന്നത് വരും തലമുറകൾക്ക് കൂടിയാണ്. അതിനാൽ പ്രകൃതിയെ ശരിയായി ഉപയോഗിക്കാനും സംരക്ഷിക്കാനും നമുക്കു കടമയുണ്ട്. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ജീവനെതിരെയുള്ള തിന്മകളാണ്.



ജീവൻ ദൈവദാനം

.

- കൊല്ലരുത് എന്ന ദൈവപ്രമാണം ജീവന് ദോഷമായി ഒന്നും ചെയ്യരുതെന്നു മാത്രമല്ല ജീവനെ സംരക്ഷിക്കാനും, വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂടിയെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.



ജീവൻ ദൈവദാനം

# നമുക്കു പാടാം

**(അമ്മേ അമ്മേ .....)**

ദൈവം നൽകീടുന്ന ജീവനെന്ന ദാനം
നന്ദിയോടെ ഏററുവാങ്ങാം, ആദരിച്ചിടാം.
ദൈവസൃഷ്ടിയാകും നമുക്കേററു പാടാം
ജീവപരിരക്ഷ നൽകും ദൈവത്തെ വാഴ്ത്താം.
സൃഷ്ടിയാകും മർത്യൻ ജീവന്നുടമയല്ല
കാര്യസ്ഥത മാത്രമങ്ങു നൽകിയവനായ്,
യുദ്ധഭീതി നീക്കി ശാന്തിദൂതരാകാം
പരിസ്ഥിതി സംരക്ഷണ വക്താവായ് മാറാം.
ജീവഹത്യയാകും പ്രവൃത്തിക്കളേവം
നീക്കി നിത്യജീവൻ എന്നും കൈവരിച്ചിടാൻ,
കൊല്ലരുതെന്നുള്ള കല്പനയതേകി
ജീവനേകും ദൈവം സ്നേഹത്താൽ മർത്യമക്കൾക്കായ



# വഴി കാട്ടാനൊരു തിരുവചനം

ജീവൻ ദൈവദാനം

- ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു (ഉൽപ. 1:27)

# എന്റെ തീരുമാനം

- ഞാൻ ലഹരിവസ്തുക്കളൊന്നും ഉപയോഗിക്കുകയില്ല.